പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1153 — 02-05-2017-ലെ മറുപടിയ്ക്ക്

## കാർഷിക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭിച്ച പരാതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.കെ. ശശി** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ കാർഷിക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭിച്ച പരാതികളിൽ ഇനിയും ആനുകൂല്യം ലഭിക്കാനുള്ളവർ എത്ര എന്ന് വ്യക്തമാക്കുമോ;<br><br>**(ബി)** അതിനുശേഷം നാളിതുവരെ ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിൽ അപേക്ഷകൾ എത്ര; അവ സമയബന്ധിതമായി തീർപ്പാക്കാൻ എന്തു സഹായം ലഭ്യമാക്കി; മുൻ സർക്കാർ നല്കാനുള്ള സഹായം എത്ര പേർക്ക നല്കി; വിശദാംശം ലഭ്യമാക്കുമോ;<br><br>**(സി)** 2017 മാർച്ച് 31 വരെ കമ്മീഷന്റെ ഓഫീസിൽ ലഭ്യമായ തീർപ്പാക്കാനുള്ള അപേക്ഷകൾ എത്ര; അവ സമയബന്ധിതമായി തീർപ്പാക്കാൻ എന്തു നടപടികൾ സ്വീകരിക്കും ; വ്യക്തമാക്കുമോ? | **(എ), (ബി) & (സി)** | കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകുവാനുള്ള അവസാന തീയതി 2015 ഒക്ടോബർ 31 ആയി പുനർ നിർണ്ണയിച്ചിരുന്നു. അന്നുവരെ ലഭിച്ച അപേക്ഷകളിൽ 47,105 അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാനുണ്ട്. 2015 ഒക്ടോബർ 31-ന് ശേഷം അപേക്ഷകൾ സ്വീകരിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ 3414 കർഷകർക്ക് 9,78,93,074/- രൂപയുടെ കടാശ്വാസ ശുപാർശ കമ്മീഷൻ നൽകുകയുണ്ടായി. 2016-17 സാമ്പത്തിക വർഷത്തിൽ കടാശ്വാസത്തിന് ബജറ്റിൽ അനുവദിച്ചിരുന്ന 20 കോടി രൂപയും കമ്മീഷൻ ഉത്തരവ് പ്രകാരം കടാശ്വാസ വിതരണത്തിനായി സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറിയിട്ടുണ്ട്. എല്ലാ മാസവും വിവിധ ജില്ലകളിൽ കമ്മീഷൻ സിറ്റിംഗുകൾ നടത്തി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**